LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മന:ശക്തിയുടെയും, വ്യക്തിത്വ വികസനത്തിന്റെയും അനന്തമായ സാധ്യതകൾ തുറന്ന് നൽകി ജീവിതോന്നതി ആഗ്രഹിക്കുന്നുവർക്കായി സമഗ്രമായ ഒരു വിജയ പദ്ധതിയാണ് പോസിറ്റീവ് കേരളാ മിഷൻ. ജീവിത വിജയത്തെക്കുറിച്ച് തികച്ചും പോസിറ്റീവായ ദർശനം പകർന്ന് നൽകുക, വ്യക്തി ജീവിതം, കുടുംബ ജീവിതം, തൊഴിൽ ജീവിതം, സാമൂഹ്യ ജീവിതം, സാമ്പത്തിക ജീവിതം എന്നീ സുപ്രധാനമായ മേഖലകൾക്ക് ശക്തി പകരുക, ഓരോരുത്തരുടെയും ശാരീരികവും മാനസികവുമായ ആരോഗ്യം, ഭദ്രമായ കുടുംബ ബന്ധം, കരിയറിന്റെ വിവിധ ഘട്ടങ്ങൾ, സുതാര്യവും, അന്യോന്യാശ്രിതവുമായ സാമൂഹിക ബന്ധം, വളരുന്ന സമ്പത്ത് മുതലായവയിൽ മാനസിക ശാക്തീകരണം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) പോസിറ്റീവ് കേരളാ മിഷൻ പ്രോഗ്രാം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 10 ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. ലൈഫ് ലൈൻ ഫൗണ്ടേഷൻ എന്ന സംഘടനയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്. അന്താരാഷ്ട്ര പ്രശസ്തനും, മന:ശക്തി പരിശീലകനും, ഗ്രന്ഥകാരനുമായ ഡോ. പി.പി. വിജയനാണ് നേതൃത്വം നൽകിയത്. വ്യക്തിവികസനം, മോട്ടിവേഷൻ, ശുഭചിന്തകൾ, പോസിറ്റീവ് മനോഭാവം എന്നീ വിഷയങ്ങളിൽ ആർട്ട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിൽ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്.

ഭാരതദർശൻ യാത്ര

304 (692) ശ്രീ. പി. സി വിഷ്ണുനാഥ്:

ശ്രീ. വി. റ്റി. ബൽറാം:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ.കെ.എസ്. ശബരീനാഥൻ : താഴെ കാണുന്നചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരതദർശൻ യാത്രാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്ര, എസ്.റ്റി ഭാരത് ദർശൻ യാത്ര എന്നിങ്ങനെ രണ്ടുതരം ഭാരതദർശൻ യാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ യുവാക്കൾക്ക് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും, വിവിധ ഭാഷാ സംസ്കാരങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്.

(സി) ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരതദർശന് യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ, ദേശീയ യുവോത്സവ വിജയികൾ എന്നിവരെയാണ് തെരഞ്ഞെടുക്കുന്നത്. എസ്.റ്റി. വിഭാഗത്തിൽപ്പെട്ട 18- നും 40- നും മദ്ധ്യേ പ്രായമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയാണ് തെരഞ്ഞെടുക്കുന്നത്.

ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20-ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ്പൂർ, ഉദയ്പൂർ, ഹൈദ്രബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6- ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ആദ്യ പട്ടിക വർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെയും രണ്ടാമത് പട്ടിക വർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയും സംഘടിപ്പിച്ചു.

യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ്

305 (694) ശ്രീ. വി. ടി. ബൽറാം :

ശ്രീ.ഹൈബി ഈഡൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്ക് വെജിറ്റബിൾ ഗ്രോബാഗ് വിതരണം ചെയ്യാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;